**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 408** **01-11-2021 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട റെയിൽവേ ലൈൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി.സിദ്ദിഖ് | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട റെയിൽവേ ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ മന്ദഗതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കരാർ പ്രകാരം, പദ്ധതിയുടെ Appointed Date -ന്റെ ആറാം വാർഷികത്തിനുള്ളിൽ (മെയ് 2022) തുറമുഖവും, റീജിണൽ റെയിൽവേ ശൃംഖലയിലെ ഏറ്റവും അടുത്ത സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ഒരു റെയിൽവേ ലൈൻ സർക്കാർ സ്ഥാപിക്കണമെന്നതാണ് വ്യവസ്ഥ ചെയ്തിരുന്നത്. ഇതിനായി, റെയിൽ വികാസ് നിഗം ലിമിറ്റഡ് (RVNL) എന്ന റെയിൽവേ പൊതുമേഖലാ സ്ഥാപനത്തെ ചുമതലപ്പെടുത്തി. 2016 ൽ അവർ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചു. എന്നാൽ, പദ്ധതി നടത്തിപ്പുമായി മുന്നോട്ടു പോകാൻ ബുദ്ധിമുട്ട് അറിയിച്ചുകൊണ്ട് RVNL പിന്നീട് പിൻമാറുകയാണുണ്ടായത്. തുടർന്ന്, മറ്റൊരു റെയിൽവേ പൊതുമേഖലാ സ്ഥാപനമായ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡുമായി (KRCL) 2018 ഫെബ്രുവരി 20 ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന റെയിൽവേ ലൈനിന്റെ DPR, കൊങ്കൺ റെയിൽവേ കോർപ്പറേഷൻ തയ്യാറാക്കി, ദക്ഷിണ റെയിൽവേയുടെ അംഗീകാരത്തിനായി 2019 മെയ് 4 ന് തിരുവനന്തപുരം റീജിണൽ മാനേജർക്ക് സമർപ്പിച്ചു. ടി ഓഫീസിലെ പരിശോധനയ്ക്കു ശേഷം ആയത് ചെന്നൈയിലെ ദക്ഷിണ റെയിൽവേ ആസ്ഥാനത്ത് പരിശോധിച്ചുവരികയാണ്. 2019 നവംബർ 11 – ന് KRCL എഞ്ചിനീയറിംഗ് സ്കെയിൽ പ്ലാൻ അംഗീകാരത്തിനായി സമർപ്പിച്ചു. പദ്ധതി നടത്തിപ്പിനായി 02-03-2020 ന് സർക്കാരിതര റെയിൽവേ മോഡൽ (Non-Governmental Railway-NGR) റെയിൽവേ അംഗീകരിച്ചിട്ടുണ്ട്. NGR മോഡൽ അടിസ്ഥാനമാക്കി 24-07-2020 ന് |

| | | | |
|---|---|---|---|
| | | | DPR അംഗീകാരത്തിനുള്ള കോഡൽ ചാർജ്ജുകൾ റെയിൽവേയ്ക്ക് പേയ് മെന്റ് നടത്തി. പദ്ധതിയുടെ DPR ന്റെ അംഗീകാരം ഉടൻ ലഭ്യമാകുമെന്നാണ് റെയിൽവേയുടെ ആസ്ഥാന ഓഫീസിൽ നിന്നും അറിയാൻ കഴിയുന്നത്. റെയിൽവേ അംഗീകരിച്ച എഞ്ചിനീയറിംഗ് സ്കെയിൽ പ്ലാനിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭൂമി ഏറ്റെടുക്കുന്ന തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുറമുഖത്തിനായി കൊങ്കൺ റെയിൽ കോർപറേഷൻ തയ്യാറാക്കിയ ഡി.പി.ആർ. ദക്ഷിണ മേഖല റെയിൽവേയുടെ അംഗീകാരത്തിനായി എന്നാണ് സമർപ്പിച്ചത്; ഇതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള സാഹചര്യം വിശദമാക്കാമോ; | (ബി) | കരാർ പ്രകാരം, പദ്ധതിയുടെ Appointed Date -ന്റെ ആറാം വാർഷികത്തിനുള്ളിൽ (മെയ് 2022) തുറമുഖവും, റീജിണൽ റെയിൽവേ ശൃംഖലയിലെ ഏറ്റവും അടുത്ത സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ഒരു റെയിൽവേ ലൈൻ സർക്കാർ സ്ഥാപിക്കണമെന്നതാണ് വ്യവസ്ഥ ചെയ്തിരുന്നത്. ഇതിനായി, റെയിൽ വികാസ് നിഗം ലിമിറ്റഡ് (RVNL) എന്ന റെയിൽവേ പൊതുമേഖലാ സ്ഥാപനത്തെ ചുമതലപ്പെടുത്തി. 2016 ൽ അവർ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചു. എന്നാൽ, പദ്ധതി നടത്തിപ്പുമായി മുന്നോട്ടു പോകാൻ ബുദ്ധിമുട്ട് അറിയിച്ചുകൊണ്ട് RVNL പിന്നീട് പിൻമാറുകയാണു ണ്ടായത്. തുടർന്ന്, മറ്റൊരു റെയിൽവേ പൊതുമേഖലാ സ്ഥാപനമായ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡുമായി (KRCL) 2018 ഫെബ്രുവരി 20 ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന റെയിൽവേ ലൈനിന്റെ DPR, കൊങ്കൺ റെയിൽവേ കോർപ്പറേഷൻ തയ്യാറാക്കി, ദക്ഷിണ റെയിൽവേയുടെ അംഗീകാരത്തിനായി 2019 മെയ് 4 ന് തിരുവനന്തപുരം റീജിണൽ മാനേജർക്ക് സമർപ്പിച്ചു. ടി ഓഫീസിലെ പരിശോധനയ്ക്കു ശേഷം ആയത് ചെന്നൈയിലെ ദക്ഷിണ റെയിൽവേ ആസ്ഥാനത്ത് പരിശോധിച്ചുവരികയാണ്. 2019 നവംബർ 11 – ന് KRCL എഞ്ചിനീയറിംഗ് സ്കെയിൽ പ്ലാൻ അംഗീകാരത്തിനായി സമർപ്പിച്ചു. പദ്ധതി നടത്തിപ്പിനായി 02-03-2020 ന് സർക്കാരിതര റെയിൽവേ മോഡൽ (Non-Governmental Railway-NGR) റെയിൽവേ അംഗീകരിച്ചിട്ടുണ്ട്. NGR മോഡൽ അടിസ്ഥാനമാക്കി 24-07-2020 ന് DPR അംഗീകാരത്തിനുള്ള കോഡൽ ചാർജ്ജുകൾ റെയിൽവേയ്ക്ക് പേയ് മെന്റ് നടത്തി. പദ്ധതിയുടെ DPR ന്റെ അംഗീകാരം ഉടൻ ലഭ്യമാകുമെന്നാണ് റെയിൽവേയുടെ ആസ്ഥാന ഓഫീസിൽ നിന്നും അറിയാൻ കഴിയുന്നത്. റെയിൽവേ അംഗീകരിച്ച എഞ്ചിനീയറിംഗ് സ്കെയിൽ പ്ലാനിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഡി.പി.ആർ. ന്റെ ഭാഗമായി എൻജിനീയറിങ് സ്കെയിൽ പ്ലാൻ ദക്ഷിണ റെയിൽവേ അംഗീകരിച്ചിട്ടുണ്ടോ; | (സി) | എൻജിനീയറിങ് സ്കെയിൽ പ്ലാൻ തത്വത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. |
| (ഡി) | നിലവിൽ പ്രസ്തുത പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (ഡി) | എൻജിനീയറിങ് സ്കെയിൽ പ്ലാൻ തത്വത്തിൽ അംഗീകരിച്ച സാഹചര്യത്തിൽ, വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിന്റെ അംഗീകാരത്തിന് വിധേയമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിശദാംശങ്ങളിന്മേലുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ